നം. എച്ച് 3- 32452/17

**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 22/09/2017
Email - swdkerala@gmail.com
Phone - 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ശ്രീ. പ്രേമൻ വി
പനങ്ങോട്ടുമേലെ റോഡരികത്ത് പുത്തൻവീട്
അന്തിയൂർകോണം, കൊല്ലോട് പി.ഒ
മലയിൻകീഴ്, തിരുവനന്തപുരം 695 571

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. 26/08/2017 തീയതിയിലെ എ3/150/2017/സാ.നീ.വ നം സർക്കാർ കത്ത്.
2. താങ്കൾ സർക്കാരിനു സമർപ്പിച്ച 21/08/2017 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ ചോദ്യം നം 1 മുതൽ 8 വരെയുള്ളവയുടെ മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം 1 – 61 പേർ 2017 വർഷത്തെ വികലാംഗർക്കുള്ള ദേശീയ അവാർഡിനായി (National Award for the Empowerment of Persons with Disabilities 2017) ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ചോദ്യം 2 - ചുവടെ ചേർത്തിട്ടുള്ള കാറ്റഗറികളിലേക്ക് പരിഗണിയ്ക്കുന്നതിനായാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.

1. Category – I
2. Category – III
3. Category – IV
4. Category – IX

Dh/-

5. Category – X
6. Category – XIV

ചോദ്യം 3 - 6 പേർ സംസ്ഥാന സർക്കാരിൽ സേവനമനുഷ്ഠിക്കുന്നവരാണ്.

1. ശ്രീമതി. ബേബി ഗിരിജ, പരവൂർ, കൊല്ലം
2. ശ്രീ. ആർ. ബിജുമോൻ, മൂലമറ്റം, ഇടുക്കി
3. ശ്രീമതി. പ്രസീന. പി, വടക്കേടത്ത് പറമ്പ്, കോഴിക്കോട്
4. ശ്രീമതി. രശ്മി മോഹൻ, തേക്കുമുറി വില്ലേജ്, കോട്ടയം
5. ശ്രീ. പ്രശാന്ത് കുമാർ പി, തലശ്ശേരി, കണ്ണൂർ
6. ശ്രീ. മുദസർഷാ, ആഷിയാന, ചാരച്ചിറ, തിരുവനന്തപുരം

അപേക്ഷകർ ഹാജരാക്കിയ രേഖകളിൽ നിലവിൽ ഈ കാര്യാലയത്തിൽ ലഭ്യമായവയുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.

ചോദ്യം 4 – അതാതു ജില്ലാ സാമൂഹ്യനീതി ഓഫീസർമാരാണ് അപേക്ഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുള്ളത്. ആയത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരാണ് ശുപാർശ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

ചോദ്യം 5 – അന്വേഷണ റിപ്പോർട്ടിന്റെ അസ്സലുകൾ 8/08/2017 തീയതിയിൽ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടിക രൂപത്തിലാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉൾകൊള്ളിക്കുന്നു.

ചോദ്യം 6 - വികലാംഗർക്കായി സേവനമനുഷ്ഠിക്കുന്ന 6 വ്യക്തികളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി വ്യക്തികൾ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നിന്നുമുള്ളവരാണ്.

ചോദ്യം 7 - വികലാംഗർക്ക് സേവനം നൽകുന്ന സംഘടനകളുടെ ക്രോഡീകരികരിച്ച വിവരം ലഭ്യമല്ല. വികലാംഗർക്കുള്ള ദേശീയ അവാർഡ് 2017 ൽ Category – III ൽ Institution Working for the Cause of Persons with Disabilities വിഭാഗത്തിലേക്ക് പരിഗണിക്കുന്നതിനായി പാലക്കാട്, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ നിന്നുമായി അപേക്ഷ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പമുള്ള പട്ടികയിൽ ലഭ്യമാണ്. ഹാജരാക്കിയ രേഖകളിൽ നിലവിൽ ഈ കാര്യാലയത്തിൽ ലഭ്യമായവയുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.

Dh/-

ചോദ്യം 8 - വികലാംഗർക്ക് സേവനം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ഇതോടൊപ്പമുള്ള പട്ടികയിൽ ലഭ്യമാണ്. നിലവിൽ ഈ കാര്യാലയത്തിൽ ലഭ്യമായ രേഖകളുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിക്ക് 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>മേൽവിലാസം</u>

അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

Dh/-